പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 293 | 28/01/2019 ൽ മറുപടി നല്കേണ്ടത്. |
|---|---|

## ശർക്കരയിലെ മായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.പി.സജീന്ദ്രൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിൽക്കുന്ന ശർക്കരയിൽ വ്യാപകമായ രീതിയിൽ മായം ചേർക്കുന്നുവെന്ന് ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് വിൽക്കുന്ന ശർക്കരയിൽ കൃത്രിമ നിറങ്ങൾ ചേർക്കുന്നതായി ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. |
| ബി) | ഏതൊക്കെ രാസവസ്തുക്കളുടെ സാന്നിദ്ധ്യമാണ് ശർക്കരയിൽ കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | ബി) | പ്രസ്തുത പരിശോധനകളിൽ കൃത്രിമ നിറങ്ങളായ Tartrazin, Brilliant Blue, Rhodamine, Sunset Yellow, Carmoisine എന്നിവയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. |
| സി) | ശബരിമല പോലുള്ള സ്ഥലങ്ങളിൽ മായം ചേർത്ത ശർക്കര ഉപയോഗിക്കുന്നത് ഗുരുതരമായ ഭവിഷ്യത്തുകൾ ഉണ്ടാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ കർശന പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ? | സി) | ശബരിമലയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ്, ഉല്പാദകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്ന ശർക്കര പമ്പയിൽ സജ്ജമാക്കിയിട്ടുള്ള ഭക്ഷ്യ സുരക്ഷാ ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തി മാത്രമേ ഉപയോഗിക്കാറുള്ളൂ. |

സെക്ഷൻ ഓഫീസർ